**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6556 21.11.2019 ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ.കെ.യു. ജനീഷ് കുമാർ | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കോന്നി നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം നൽകിയിട്ടുള്ളത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി നിയോജകമണ്ഡലത്തിൽ 8 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 30 പേർക്ക് നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതുമാണ്. കോന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളിൽ ഭൂരിഭാഗംപേർക്കും 1993-ലെ വനഭൂമി ക്രമീകരിക്കൽ ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കേണ്ടത്. ആയതിലേയ്ക്ക് റവന്യൂ വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതും കേന്ദ്രാനുമതി ലഭിച്ചശേഷം മാത്രം പട്ടയം അനുവദിക്കാൻ കഴിയുന്നതുമാണ്. പത്തനംതിട്ട ജില്ലയിൽ വനം - റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും, 1970.04 ഹെക്ടർ വനഭൂമി ക്രമപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിയ്ക്കായി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനനുസൃതമായി പ്രസ്തുത ഭൂമി കൈവശംവച്ചിരിക്കുന്ന കുടുംബങ്ങൾക്കു കൂടി പട്ടയം നല്കാൻകഴിയുന്നതാണ്. |
| (ബി) | പട്ടയം നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കോന്നി താലൂക്കിൽ കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരം 52 അപേക്ഷകളും, ആരബിൾ ഫോറസ്റ്റ് ലാൻഡ് നിയമപ്രകാരം 34 അപേക്ഷകളും, വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമപ്രകാരം 5330 അപേക്ഷകളും പട്ടയത്തിനായി പരിഗണിക്കുവാൻ ഉണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമപ്രകാരം പട്ടയം ലഭിക്കുന്നതിലേക്ക് ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക ടീമിനെ നിയോഗിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെ തുടർന്ന് വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിക്കായി വിശദാംശങ്ങൾ സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിച്ച് പട്ടയം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ